**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1241** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>സംസ്ഥാനത്തിന് പുറത്തേക്ക് പോകുന്ന വിദ്യാർത്ഥികളുടെ വിശദാംശം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** കേരളത്തിൽ നിന്ന് കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ബിരുദ, ബിരുദാനന്തര, ഗവേഷണ തലങ്ങളിൽ മറ്റ് സംസ്ഥാനങ്ങളിലേക്കോ വിദേശ രാജ്യങ്ങളിലേക്കോ പഠനം മാറ്റിയ വിദ്യാർത്ഥികളുടെ എണ്ണം ലഭ്യമാക്കുമോ; ഓരോ വർഷം കഴിയുമ്പോഴും ഇപ്രകാരം പുറത്തേക്ക പോകുന്ന വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ഉന്നതവിദ്യാഭ്യാസത്തിനായി ഇതര രാജ്യങ്ങളെ ആശ്രയിക്കുന്ന വിദ്യാർത്ഥികൾക്കായി നോർക്ക റൂട്ട്സിൽ തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള സംവിധാനം വന്നത് 2021 മുതൽ ആണ്. എന്നാൽ ഉന്നതവിദ്യാഭ്യാസത്തിനായി വിദേശത്തുപോകുന്ന എല്ലാവരും നോർക്ക റൂട്ട്സിൽ രജിസ്റ്റർ ചെയ്യണമെന്ന് നിർബന്ധമില്ല. അതിൻപ്രകാരം 2021-2025 കാലയളവിൽ ഉപരിപഠനത്തിനായി വിദേശത്തു പോയിട്ടുള്ള വിദ്യാർത്ഥികളിൽ, നോർക്ക റൂട്ട്സിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വിദ്യാർത്ഥികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു;

| **ക്രമ നമ്പർ** | **വർഷം** | **കുട്ടികളുടെ എണ്ണം** |
|---|---|---|
| 1 | 2021 | 2022 |
| 2 | 2022 | 3526 |
| 3 | 2023 | 2504 |
| 4 | 2024 | 2086 |
| 5 | 2025 | 119 |

**ആകെ 10,257**

**(ബി)** ഇത്തരം വിദ്യാർത്ഥി കുടിയേറ്റത്തിന്റെ പ്രധാന കാരണങ്ങൾ എന്തൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ എന്തൊക്കെയാണ്; ആയത് പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശാദംശം ലഭ്യമാക്കുമോ?

**<u>മറുപടി:</u>** വിദ്യാർത്ഥികൾ സംസ്ഥാനത്തിന് പുറത്തേക്കും വിദേശ രാജ്യങ്ങളിലേക്കും ഉന്നത പഠനത്തിനായി പോകുന്നതിന് മികച്ച അക്കാദമിക-ഗവേഷണ അവസരങ്ങൾ, ആഗോള

നിലവാരത്തിലുള്ള വിദ്യാഭ്യാസ അന്തരീക്ഷം, തൊഴിൽസാധ്യതകൾക്ക് അനുസൃതമായ പഠനപരിപാടികൾ, അന്തർദേശീയ അക്കാദമിക സഹകരണം എന്നിവയുൾപ്പെടെയുള്ള വിവിധ ഘടകങ്ങൾ കാരണമാകുന്നതായി വിലയിരുത്തപ്പെട്ടിട്ടുണ്ട്. സ്ഥിര താമസ പദവി (Permanent Residency) നേടുന്നതിനുള്ള സാധ്യത, വിദേശ സർവകലാശാലകളിൽ തൊഴിൽസാധ്യത കേന്ദ്രീകരിച്ചുള്ള ഹ്രസ്വവും പ്രായോഗികവുമായ കോഴ്സുകളും ഗവേഷണാധിഷ്ഠിത പഠനപരിപാടികളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള അക്കാദമിക സമീപനങ്ങൾ, ബ്ലെൻഡഡ് ക്ലാസ്റൂം, സഹകരണാധിഷ്ഠിത പഠനം, സ്വയംപഠനം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്ന പഠനരീതിയും വിദ്യാർത്ഥികളെ ആകർഷിക്കുന്നു. ഇന്ത്യയിലെയും കേരളത്തിലെയും പാഠ്യപദ്ധതികളിൽ പരമ്പരാഗതവും സൈദ്ധാന്തികവുമായ സമീപനം കൂടുതലായതിനാൽ നൈപുണ്യ വികസനത്തിന് താരതമ്യേന കുറഞ്ഞ ഊന്നൽ ലഭിക്കുന്നതും പരമ്പരാഗത പരീക്ഷാ കേന്ദ്രീകൃത മൂല്യനിർണയ സമ്പ്രദായം പഠന-അദ്ധ്യാപന രീതികളിലെ നവീകരണത്തിന്റെ ഫലപ്രാപ്തിയെ പരിമിതപ്പെടുത്തുന്നതായും വിലയിരുത്തപ്പെട്ടിട്ടുണ്ട്.

ഇത്തരം വിദ്യാർത്ഥി കുടിയേറ്റം കുറയ്ക്കുന്നതിനും സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയെ ആഗോള നിലവാരത്തിലേക്ക് ഉയർത്തുന്നതിനുമായി Kerala Knowledge Valley സ്ഥാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ദേശീയ-അന്തർദേശീയ സർവകലാശാലകളുമായുള്ള പങ്കാളിത്തം, ഗവേഷണ-നവോത്ഥാന കേന്ദ്രങ്ങൾ, ഇൻക്യുബേഷൻ സംവിധാനങ്ങൾ, ദക്ഷിണേഷ്യയിലെ വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുന്ന മികവിന്റെ കേന്ദ്രങ്ങൾ എന്നിവ വികസിപ്പിക്കുന്നതിനൊപ്പം Semester in Kerala പോലുള്ള പരിപാടികളിലൂടെ കേരളത്തെ അന്തർദേശീയ വിദ്യാഭ്യാസ കേന്ദ്രമായി വികസിപ്പിക്കാനും ലക്ഷ്യമിടുന്നു. തൊഴിൽ വിപണിയിലെ മാറ്റങ്ങൾക്കനുസൃതമായി അക്കാദമിക പരിപാടികൾ കാലാനുസൃതമായി നവീകരിക്കുന്നതിനായി Global Job Watch Tower സ്ഥാപിക്കാനും സർക്കാർ ഉദ്ദേശിക്കുന്നു. ആഗോള തൊഴിൽ പ്രവണതകൾ നിരന്തരം വിശകലനം ചെയ്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പഠനപരിപാടികൾ തൊഴിൽ വിപണിയുടെ ആവശ്യങ്ങളുമായി കൂടുതൽ യോജിപ്പിക്കുന്നതിനുള്ള സംവിധാനവും ഇതിലൂടെ ഒരുക്കും.

ഗവേഷണ മികവ് ശക്തിപ്പെടുത്തുന്നതിനായി Kerala Doctoral Research Fellow Project നടപ്പിലാക്കി ഡോക്ടറൽ ഗവേഷണത്തിന് മെച്ചപ്പെടുത്തിയ ഫെലോഷിപ്പ് സംവിധാനം ഏർപ്പെടുത്തുന്നതിനും, Industry on Campus – Earn and Learn മാതൃക വ്യാപിപ്പിച്ച് വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം വ്യവസായ പരിചയം, നൈപുണ്യ വികസനം, ഇന്റേൺഷിപ്പ്, സംരംഭകത്വം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു.

കൂടാതെ, Kerala AI Research Centre (KAIRC) സ്ഥാപിക്കുന്നതിനും Mission AI Guru മുഖേന അധ്യാപകരുടെ കൃത്രിമബുദ്ധി (AI) അധിഷ്ഠിത ശേഷി വികസിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമിക-ഗവേഷണ നിലവാരവും അന്താരാഷ്ട്ര മത്സരശേഷിയും കൂടുതൽ ശക്തിപ്പെടുത്തുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു.

**സെക്ഷൻ ഓഫീസർ**